(സി) നിലവിലുള്ള സ്പെഷ്യൽ റൂൾസ്, ലെറ്റർ പ്രസ്സ് സംവിധാനത്തിനുള്ള തസ്തികകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഓഫ്സെറ്റ്, ഡി.റ്റി.പി. സംവിധാനത്തിലുള്ള തസ്തികകൾകൂടി ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. ജനറൽ ഫോർമാൻ തസ്തികയിലേക്ക് നോൺ ഡിപ്ലോമാക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അഞ്ച് വർഷം വേണമെന്ന നിബന്ധന എടുത്തുകളയണ മെന്ന് ഉദ്ദേശിക്കുന്നു. നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്താത്ത തസ്തികകളും ലറ്റർ പ്രസ്സ് വിഭാഗത്തിലെ വിവിധ ബ്രാഞ്ചുകളിൽ അസിസ്റ്റന്റ് ഫോർമാനും ഒന്നാം ഗ്രേഡ് തസ്തികയ്ക്കും ഇടയിലായി ജി.ഒ (പി) നമ്പർ 211/81/ഉ.വി.വ. തീയതി 18-12-1981 പ്രകാരം അനുവദിച്ച സീനിയർ ഗ്രേഡ് തസ്തികകളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സൂപ്പർവൈസറി തസ്തികകളിൽ ഉദ്യോഗക്കയറ്റത്തിനായി ഡിപ്ലോമാക്കാരും തമ്മിലുള്ള 1:1 അനുപാതം സംബന്ധിച്ച കാര്യവും പരിഗണനയിലാണ്.

കെ.ബി.പി.എസ്സിന്റെ വികസന പ്രവർത്തനങ്ങൾ

246 (1717) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കുട്ടികൾക്കായുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് കൃത്യസമയത്ത് പൂർത്തീകരിക്കാൻ പലപ്പോഴും സാധിക്കാത്തത് എന്തുകൊണ്ടാണ് ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരേ സമയം 32 പേജും മണിക്കൂറിൽ 36000 കോപ്പിയും അച്ചടിക്കാൻ കഴിയുന്ന പുതിയ 4 കളർ അച്ചടിയന്ത്രം സ്ഥാപിച്ചിട്ടുണ്ട്.

(ബി) പാഠപുസ്തക വിഭാഗത്തിൽനിന്നും അച്ചടി ജോലിക്കുള്ള ഓർഡറുകളും പാഠപുസ്തകങ്ങളുടെ അപ്രൂവ്ഡ് കോപ്പികളും SCERT-യിൽ നിന്നും പാഠപുസ്തകങ്ങളുടെ അന്തിമ അംഗീകാരവും വൈകിലഭിക്കുന്ന തുമൂലമാണ് പാഠപുസ്തക അച്ചടി യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തത്. 2010-11 അദ്ധ്യയന വർഷത്തിലെ പാഠപുസ്തക അച്ചടി യഥാസമയം പൂർത്തിയാക്കിയിട്ടുണ്ട്. പാഠപുസ്തക അച്ചടി യഥാസമയം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 1469, 1482, 1496, 1497, 1498,1517, 1704 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly